പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :5576

25.10.2011-ൽ മറുപടിയ്ക്ക്

ആഭ്യന്തര ടൂറിസം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) ആഭ്യന്തര ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | സഞ്ചാരികളുടെ വരവു കുറയുന്ന ജൂൺ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിൽ കൂടുതൽ ആഭ്യന്തര സഞ്ചാരികളെ ആകർഷിക്കുവാനുള്ള ഡ്രീം സീസൺ ക്യാമ്പയിന്റെ ഭാഗമായി ഈ വർഷം റേഡിയോ, ടി.വി, ഡൽഹി മെട്രോ എന്നീ മാധ്യമങ്ങളിൽ പരസ്യങ്ങൾ നൽകുകയും കൽക്കത്തയിലെ ട്രാമിൽ കേരളത്തിന്റെ പരസ്യങ്ങൾ നൽകി ഡ്രീം സീസൺ പ്രമോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. WTM ന്റെ ഭാഗമായി വരുന്ന സഞ്ചാരികളെ മുന്നിൽ കണ്ട് ലണ്ടൻ Tube ൽ പരസ്യം നൽകാനും തീരുമാനിച്ചിട്ടുണ്ട്. IITM,TTF,ITM, IITE, SATTE തുടങ്ങിയ വിവിധ ട്രാവൽ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിനും ഇന്ത്യയിലെ പ്രധാനപ്പെട്ട 15 ഓളം നഗരങ്ങളിൽ പാർട്ണർ ഷിപ്പ് മീറ്റുകൾ സംഘടിപ്പിക്കുകയും ദേശീയ തലത്തിൽ മുൻപന്തിയിലുള്ള ടൂറിസം മാഗസിനുകളിൽ പരസ്യ പ്രചരണങ്ങൾ നൽകിവരികയും ചെയ്യുന്നു. |
| ബി) ടൂറിസ്റ്റുകളായി എത്തുന്ന സ്ത്രീകളുടെയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിലുള്ളതെന്നും അതു മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വെളിപ്പെടുത്താമോ? | ബി ) | പ്രധാനപ്പെട്ട കടൽത്തീരങ്ങളിൽ ലൈഫ് ഗാർഡുകളെയും പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസം പോലീസിനേയും നിയമിച്ചിട്ടുണ്ട്. കൂടാതെ, വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്രശ്നരഹിതമാക്കുവാൻ ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും സന്ദർശകർക്കും തദ്ദേശവാസികൾക്കും നൽകുന്നതിനായി എല്ലാ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും ടൂറിസം വാർഡൻമാരെ നിയമിക്കുന്നതിനും വിനോദസഞ്ചാരികളെ ബാധിക്കുന്ന അടിയന്തിര സാഹചര്യങ്ങളെ നേരിടുവാൻ സംസ്ഥാന തലത്തിൽ ഒരു കണ്ടിജൻസി റെസ്പോൺസ് സെൽ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഇപ്രകാരം നിയമിക്കുന്ന വാർഡൻമാരിൽ പകുതിപേർ സ്ത്രീകളായിരിക്കും. വിനോദസഞ്ചാര കേന്ദ്രങ്ങളെ പ്രശ്നരഹിതമാക്കി നിലനിർത്തുവാൻ ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും ഇവർ സന്ദർശകർക്കും തദ്ദേശവാസികൾക്കും നൽകും. |

സെക്ഷൻ ഓഫീസർ